**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **05-07-2022 - ൽ മറുപടിയ്ക്ക്**

**വിഷരഹിത പഴം , പച്ചക്കറി ഉല്പന്നങ്ങളുടെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഭ്യമാകുന്ന പഴം, പച്ചക്കറി എന്നിവയിലെ അവശിഷ്ട വിഷാംശം കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) | കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ പഴം പച്ചക്കറികളുടെ കീടനാശിനി പരിശോധനയ്ക്കായി 4 ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. വെള്ളായണി കാർഷിക കോളേജ്, കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, വെള്ളാനിക്കര കാർഷിക കോളേജ്, പടന്നക്കാട് കാർഷിക കോളേജ് എന്നിവിടങ്ങളിലെ ലാബുകളിലാണ് കേരളത്തിലെ പൊതുവിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നത്.<br><br>കീടനാശിനി പരിശോധനയ്ക്ക് ആവശ്യമായ Gas Chrometograph, Gas Chrometograph Mass Spectrometer തുടങ്ങിയ ഉപകരണങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ എല്ലാ ലാബുകളിലും സജ്ജീകരിച്ചിട്ടുണ്ട്. പുത്തൻതലമുറ കീടനാശിനികളെ പരിശോധിക്കാൻ ഉപയോഗിക്കുന്ന Liquid Chrometograph Mass Spectrometer (LCMS/MS) എന്ന ഉപകരണം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ ലഭ്യമാണ്. ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി പഴം പച്ചക്കറികളിലെ 98 ഓളം കീടനാശിനികൾ പരിശോധിക്കാൻ കഴിയും.<br><br>കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിൻ കീഴിലെ ഉദ്യോഗസ്ഥർ പഴം പച്ചക്കറി എന്നിവയിൽ അവശിഷ്ട വിഷാംശം ഉണ്ടോയെന്ന് പരിശോധിക്കുന്നതിന് ഉല്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിക്കുകയും അവ NABL accreditation ഉള്ള 3 |

| | | | |
|---|---|---|---|
| | | | അനലിറ്റിക്കൽ ലാബുകളിലേയ്ക്ക് അയച്ച് ആധുനിക വിശകലന ഉപകരണങ്ങളായ GC-MS/MS, LC-MS/MS എന്നിവയുടെ സഹായത്താൽ വിഷാംശത്തിന്റെ അവശിഷ്ടം ഉണ്ടോയെന്ന് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്യുന്നു. |
| (ബി) | സംസ്ഥാനത്ത് അവശിഷ്ട വിഷാംശ പരിശോധനാ ലാബുകൾ പര്യാപ്തമാണോയെന്നത് സംബന്ധിച്ച പഠന റിപ്പോർട്ടുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | നിലവിൽ കീടനാശിനി അവശിഷ്ട പരിശോധന ലാബുകളുടെ പര്യാപ്തത സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന ജൈവ പഴം, പച്ചക്കറി വിൽപന കേന്ദ്രങ്ങൾ വഴി വിൽക്കുന്ന ഉല്പന്നങ്ങൾ വിഷരഹിതമാണെന്ന് ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള 4 ലാബുകളിലും ജൈവ ഉല്പന്നങ്ങൾ എന്ന ലേബലിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ പരിശോധന നിരന്തരം നടത്തി വരുന്നുണ്ട്. കാലാകാലങ്ങളിൽ സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ ജൈവമെന്ന ലേബലിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ പരിശോധന ഫലങ്ങൾ വെവ്വേറെ നൽകി വരുന്നുണ്ട്.<br><br>കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സഹായത്തോടെ കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ നടപ്പിലാക്കി വരുന്ന സേഫ് ടു ഈറ്റ് പദ്ധതി മുഖേന പൊതു വിപണിയിൽ നിന്നും, കർഷകരുടെ പാടത്തു നിന്നും നേരിട്ട് ശേഖരിക്കുന്ന സാമ്പിളുകൾ, ഇക്കോഷോപ്പ് സാമ്പിളുകൾ, ജൈവമെന്ന ലേബലിൽ വിൽക്കുന്ന ഉല്പന്നങ്ങളുടെ സാമ്പിളുകൾ എന്നിവ പരിശോധിച്ച് ആയതിന്റെ പരിശോധന ഫലം www.kerala.gov.in എന്ന കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഇതുവരെ 55 റിപ്പോർട്ടുകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (ഡി) | യഥാർത്ഥ വിഷരഹിത ജൈവ ഉല്പന്ന വിൽപന ശാലകളെ പ്രോത്സാഹിപ്പിക്കുന്നതിന് രജിസ്ട്രേഷൻ, സബ്സിഡി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | സംസ്ഥാനത്ത് ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോഷോപ്പുകൾ പ്രവർത്തിച്ച് വരുന്നു. എന്നാൽ സ്വകാര്യ മേഖലകളിലുള്ള വിപണികൾക്ക് കൃഷി വകുപ്പ് രജിസ്ട്രേഷൻ നൽകുന്നില്ല. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ രണ്ട് ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ ഹോർട്ടികോർപ്പ് മുഖേന ആലപ്പുഴ ജില്ലയിലും വി.എഫ്.പി.സി.കെ മുഖേന കോഴിക്കോട് ജില്ലയിലും സ്ഥാപിക്കുന്നതിനായി ഒരു ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റിന് 25 ലക്ഷം രൂപ നിരക്കിൽ 2022-23 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ സ്വകാര്യ മേഖലയിൽ ജൈവ ഉല്പന്ന വില്പന ശാലകൾക്ക് സബ്സിഡി നൽകുന്നതിന് നിലവിൽ സംവിധാനമില്ല. |
| (ഇ) | വിഷരഹിത കാർഷികോല്പന്നങ്ങൾക്ക് സർക്കാരിന് കീഴിൽ ഒരു ബ്രാന്റിങ് സംവിധാനം ഏർപ്പെടുത്തി ഫ്രാഞ്ചൈസികളിലൂടെ വിപണനം വ്യാപിപ്പിക്കാനും തദ്വാരാ യഥാർത്ഥ വിഷരഹിത ജൈവ ഉല്പന്നങ്ങൾക്ക് പ്രചാരം ലഭിക്കുന്നതിനും നടപടി സ്വീകരിക്കാമോ ? | (ഇ) | സംസ്ഥാന സർക്കാർ വിഷരഹിത ഉല്പന്നങ്ങൾ വില്പന നടത്തുന്നതിന് "സേഫ് റ്റു ഈറ്റ് -കേരള ഓർഗാനിക്" എന്ന ബ്രാൻ്ഡും, ലോഗോയും ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളായ പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിലെ ക്ലസ്റ്ററിൽ അംഗമായി പൂർണ്ണമായും ജൈവ കൃഷി രീതിയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ "PGS INDIA - ORGANIC" എന്ന ബ്രാൻഡിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. വിഷരഹിത കാർഷികോല്പന്നങ്ങൾ ഫ്രാഞ്ചൈസികളിലൂടെ വിപണനം നടത്തുന്നതിന് നിലവിൽ സംവിധാനമില്ല. കേരള സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ജൈവ കൃഷി മിഷനിലൂടെ വിഷരഹിത കാർഷികോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനും വിപണനം നടത്തുവാനുമുള്ള നടപടി സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ